LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശോഭനാ ജോർജ്: എല്ലാ ബില്ലുകളും ഇവിടെ അവതരിപ്പിക്കുമ്പോൾ ബഹുമാന്യനായ മന്ത്രി ഇവിടെ പറയുന്നത് സാമ്പത്തികമായ ബുദ്ധിമുട്ടുണ്ട് എന്നാണ്. എന്നാൽ ഈ ബില്ലിന്റെ കാര്യത്തിൽ സാമ്പത്തിക പ്രശ്നമുണ്ടാകുന്നില്ല. കോടിക്കണക്കിനു രൂപ പമ്പാനദിയുടെ സംരക്ഷണത്തിനുവേണ്ടി ഇവിടെ കൊണ്ടുവന്നിരിക്കുന്നു. എനിക്കു പറയുവാനുള്ളത്, പമ്പാനദിയുമായി ബന്ധമുള്ള, പമ്പാനദിയെപ്പറ്റി അറിയുന്ന, മനസ്സിലാക്കുന്ന ഒരാൾ, അല്ലെങ്കിൽ ഒരു അതോറിറ്റി വേണം ഇതിന്റെ കാര്യങ്ങൾ നടത്തുവാൻ അല്ലെങ്കിൽ നമ്മുടെ കടലാസ്സ് പുലി പോലെയായിപ്പോകും കാര്യങ്ങൾ. ഞാൻ ഇവിടെ നിർത്തുന്നു, അടുത്ത പ്രാവശ്യം എടുക്കാം.

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: അടുത്ത പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

(11) 2002-ലെ കേരള സ്വകാര്യ സെക്യൂരിറ്റി തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീമതി ശോഭനാ ജോർജ്: സർ, 2002-ലെ കേരള സ്വകാര്യ സെക്യൂരിറ്റി തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ഇതിനെ എതിർക്കുകയാണ്. കാരണം ഈ വിഭാഗങ്ങൾക്കുവേണ്ടി ഇപ്പോൾ തന്നെ Shops and Establishments Act-ന്റെ പരിധിയിൽ വരുന്ന എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള Labour Welfare Fund നിലവിലുണ്ട്. ഇവർക്ക് അതിൽ അംഗങ്ങൾ ആകാവുന്നതാണ് എന്നുള്ളതുകൊണ്ട് ഈ ബില്ലിന് പ്രത്യേക പ്രസക്തിയില്ല എന്നുള്ള അഭിപ്രായത്തിലാണ് ഈ ബില്ലിനെ എതിർക്കുന്നത്.

ശ്രീമതി ശോഭനാ ജോർജ്: സർ, അടുത്ത ബിൽ അവതരിപ്പിക്കാൻ അങ്ങ് എന്നെ അനുവദിക്കുമെങ്കിൽ ഈ ബില്ലിനെക്കുറിച്ചു ഞാൻ അടുത്ത പ്രാവശ്യം സംസാരിച്ചുകൊള്ളാം.

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: You can move.

(12) 2002-ലെ കേരള കവുങ്ങ് (അടയ്ക്ക) കർഷക ക്ഷേമനിധി ബിൽ

ശ്രീമതി ശോഭനാ ജോർജ്: സർ, 2002-ലെ കേരള കവുങ്ങ് (അടയ്ക്ക) കർഷകക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഈ ബില്ലിൽ പരാമർശിക്കുന്ന കവുങ്ങ് (അടയ്ക്ക) തൊഴിലാളികൾക്ക് നിലവിലുള്ള കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ പ്രയോജനം അതിൽ അംഗങ്ങളായാൽ ലഭിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ബില്ലിൽ പറയുന്ന പ്രകാരമുള്ള ഒരു ക്ഷേമനിധിക്ക് പ്രസക്തിയില്ല. എന്നാൽ ബഹുമാനപ്പെട്ട സഹോദരി അവതരിപ്പിക്കുന്ന എല്ലാ ബില്ലുകളേയും എതിർക്കേണ്ടി വരുന്നതിൽ എനിക്കു വിഷമമുണ്ട്.

ശ്രീമതി ശോഭനാ ജോർജ്: സർ, അടുത്ത ബിൽ അവതരിപ്പിക്കട്ടെ. ഈ ബില്ലിലും ഞാൻ സംസാരിക്കുന്നില്ല, അടുത്ത പ്രാവശ്യം സംസാരിച്ചുകൊള്ളാം.

(ചർച്ച തുടരും)

(13) 2002-ലെ കേരള ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയ നിരോധന ബിൽ

ശ്രീമതി ശോഭനാ ജോർജ്: സർ, 2002-ലെ കേരള ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയ നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, പെൺഭ്രൂണഹത്യയെപ്പറ്റിയുള്ള അന്വേഷണങ്ങൾ പല പ്രദേശങ്ങളിൽ നിന്നുമുണ്ടായിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ ചില പ്രദേശങ്ങളിൽ ചില വിഭാഗങ്ങൾക്കിടയിൽ പെൺഭ്രൂണഹത്യ വ്യാപകമായി നടക്കുന്നതായിട്ടുള്ള ഞെട്ടിപ്പിക്കുന്ന റിപ്പോർട്ടുകൾ പുറത്തു വന്നിട്ടുണ്ട്. ക്രൂരവും പൈശാചികവുമായ ഈ പ്രവണതയ്ക്ക് അറുതി വരുത്താനുള്ള ശ്രമം കേന്ദ്ര സർക്കാർ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമാണ് 1996-ൽ പ്രാബല്യത്തിൽ വന്ന ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണ്ണയ മാർഗ്ഗങ്ങളുടെ നിയന്ത്രണവും ദുരുപയോഗവും നിരോധിക്കൽ നിയമം. ഈ നിയമത്തിൽ കർശനമായ വ്യവസ്ഥകളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല ഈ അടുത്ത കാലത്ത് ഈ നിയമം പ്രാബല്യത്തിൽ വരുത്തുന്ന കാര്യത്തിൽ വളരെ കർശനമായ നിലപാട് കൈക്കൊണ്ടിട്ടുമുണ്ട്. നിലവിലുള്ള നിയമം കാലോചിതമായി പരിഷ്കരിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികളും കേന്ദ്ര സർക്കാർ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള നിയമത്തിന്റെ പൂർണ്ണത ഉറപ്പാക്കാൻ ആരോഗ്യവകുപ്പു സെക്രട്ടറി തലവനായുള്ള ഒരു കമ്മിറ്റിയും നിലവിലുണ്ട്. മാത്രവുമല്ല നിലവിലുള്ള നിയമം കാലോചിതമായി ഭേദഗതികൾ വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സർക്കാർ കേന്ദ്ര ഗവൺമെന്റിനു നൽകിയിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീമതി ശോഭനാ ജോർജിന്റെ അനൗദ്യോഗിക ബില്ലിന് പ്രത്യേക പ്രസക്തിയില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മെമ്പറുടെ അർപ്പണമനോഭാവമാണ് ഇത്തരമൊരു സ്വകാര്യ ബില്ലിന് നോട്ടീസ് നൽകിയതിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ പ്രശ്നത്തിന്റെ ഗൗരവം നമുക്ക് ചർച്ച ചെയ്യാൻ ഈ സഭയിൽത്തന്നെ അവസരം ലഭിക്കുമെന്നുള്ളതുകൊണ്ട്, അവർ കൊണ്ടുവന്ന ബില്ലിന്റെ ഉദ്ദേശശുദ്ധിയെ അങ്ങേയറ്റം മാനിക്കുന്നു. അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly